ഉത്തരം

(എ) നികുതി ഒഴിവാക്കാൻ മന്ത്രിസഭ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മറ്റു തീരുമാനങ്ങൾ ആയിട്ടില്ല. ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ഇപ്പോൾ അഞ്ച് അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നു. പ്രവേശനത്തിന്റെ 24%-ൽ കുറയാത്തതും 48% കൂടാത്തതുമായ തുക വിനോദനികുതിയായി ഈടാക്കി വരുന്നു. ഒരു വർഷം ലഭിക്കുന്ന തുക കണക്കാക്കിയിട്ടില്ല.

(ഡി) അമ്യൂസ്മെന്റ് പാർക്കുകൾക്കുള്ള നികുതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിനോദ നികുതിയിൽ ഉൾപ്പെടുന്നതാണ്.

(ഇ) ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നികുതി നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്) ഇക്കാര്യം ആലോചിച്ചിട്ടില്ല.

ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

89 (855) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയിൽ അനുദിനം വിവിധതരം മരുന്നുകളുടെ ഉല്പാദനവും വിതരണവും വർദ്ധിച്ചു വരുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേരളത്തിൽ എത്ര ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട് ; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് മരുന്നുകളുടെ ഗുണ നിലവാരം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് കൂടുതൽ ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) നിലവിലുള്ള ഡ്രഗ്ഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം എത്ര ഇനം സാമ്പിളുകളാണ് പരിശോധിക്കുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) മരുന്നുകളുടെ പരിശോധനയിൽ കാലതാമസം ഒഴിവാക്കുന്നതിനായി സ്വകാര്യലബോറട്ടറികളിൽ പരിശോധനയ്ക്ക് സാമ്പിളുകൾ നൽകാറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംസ്ഥാനത്ത് വാക്സിനുകൾ, സിറം എന്നിവ പരിശോധിക്കാനുള്ള സംവിധാനമുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്തുമോ ;

(ജെ) ഇല്ലെങ്കിൽ, ആയത് പരിശോധിക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(കെ) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്.

(ഡി&ഇ) ഉണ്ട്. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ കൊച്ചിയിൽ കാക്കനാട് ഒരു പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) വിവിധ ഇനങ്ങളിൽ ഉൾപ്പെട്ട ഏകദേശം 3500 ഓളം സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്.

(ജി) ഇല്ല.

(എച്ച്&ഐ) ഇല്ല.

(ജെ&കെ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾ നടത്തുന്നതിന് അനുമതി

90 (856) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾ നടത്തുന്നതിന് സി.സി.എച്ച്. അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം വിഷയങ്ങളിലാണ് പി.ജി. കോഴ്സ് തുടങ്ങിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly